# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2069 12-02-2013 ന് മറുപടിയ്ക്ക്**

നെല്ലിയാമ്പതി പാട്ടക്കരാർ പ്രശ്നം

<u>ചോദ്യം</u>

ഡോ. ടി. എം. തോമസ്ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, കെ. വി. വിജയദാസ്

<u>മറുപടി</u>

ശ്രീ.കെ.ബി.ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | നെല്ലിയാമ്പതിയിലെ പാട്ടക്കരാർ അവസാനിച്ച ഭൂമിയുടെ പ്രശ്നം ഏതെങ്കിലും ഉപസമിതിയുടെ തീരുമാനത്തിന് വിട്ടിട്ടുണ്ടോ ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഈ പ്രശ്നത്തിൽ നിലപാട് അന്തിമമായി സ്വീകരിച്ചിട്ടുണ്ടോ ; നിയമ ലംഘനം നടത്തി ഭൂമി കൈവശം വച്ചവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് ; | (ബി) | ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘനം നടത്തിയ 23 എസ്റ്റേറ്റുകളുടെ ലീസ് റദ്ദുചെയ്യുന്നതിനും പ്രസ്തുത എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കോടതിയുടെ പരിഗണനയിലുള്ള കേസുകൾ ഫലപ്രദമായി നടത്തു വാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (സി) | ഇത്തരം കേസുകളിൽ അഡ്വക്കേറ്റ് ജനറൽ നേരിട്ട് ഹാജരായി ഫലപ്രദമായി നടത്തി വരുന്നു. |
| (ഡി) | നെല്ലിയാമ്പതിയിലെ പാട്ട ഭൂമി എത്ര ഏക്കറാണ് ; അവ പൂർണ്ണ മായും ഏത് നിലയിൽ വിനിയോ ഗിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (ഡി) | 9007.840 ഏക്കർ (സർക്കാർ തിരിച്ചെടുത്ത എസ്റ്റേറ്റുകൾ ഉൾപ്പെടെ). പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ